# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1231** 07.06.2018 ൽ മറുപടിക്ക്

**റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കി കഴിയുന്നതോടെ കുടിവെള്ള പൈപ്പുകൾ, ടെലിഫോൺ കേബിൾ മുതലായവ സ്ഥാപിക്കുന്നതിനും അറ്റകുറ്റ പ്പണികൾക്കുമായി വെട്ടി പ്പൊളിക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഇത് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ടവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെ ടുവിച്ചിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കർശന മായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ഇത് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ടവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് ജി.ഒ(ആർറ്റി) നം.30/2018/പൊമവ തീയതി 5.1.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. |
| (സി) | ആഗസ്റ്റുവരെ റോഡുകൾ വെട്ടിപ്പൊളിക്കരുതെന്ന വകുപ്പ് മന്ത്രിയുടെ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ; | (സി) അത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടില്ല. മഴക്കാലത്ത് റോഡു കുഴിക്കുന്നത് റോഡുകളുടെ തകർച്ചക്കും ഗതാഗത കുരുക്കിനും കാരണമാകുന്നുണ്ടെന്നും, , അത്യാവശ്യ ഘട്ടങ്ങളിൽ സംയുക്തപരിശോധന നടത്തിയുക്തമായ തീരുമാനങ്ങൾ എടുക്കാൻ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ ഡക്ടുകൾ പണിയുന്നതിനും അതിലൂടെ പൈപ്പുലൈനും, കേബിൾ ലൈനും സ്ഥാപിക്കുന്നതിനും പ്രത്യേക നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ റോഡിന്റെ വീതി അനുസരിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഡക്ടുകൾ പണിയുന്നതിനും അതിലൂടെ പൈപ്പുലൈനും, കേബിൾ ലൈനും സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിൽ നിലവിലുള്ള ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ**